ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ബി.ഡി.ഒ. മാരുടെ റാങ്ക് ലിസ്റ്റ്

66 (2995)ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.ഡി.ഒ.മാരുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധി എത്രയാണെന്ന് അറിയിക്കുമോ;

(സി) ഇപ്പോൾ ബി.ഡി.ഒ.മാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ;

(ഡി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും ഒഴിവിലേക്ക് നിയമനം നടത്തുന്നതിന് നടപടി എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) ബി.ഡി.ഒ.മാരുടെ നിയമനത്തിനായി പുതുതായി അപേക്ഷകൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ പരമാവധി മൂന്നു വർഷംവരെ.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ബി.ഡി.ഒ.മാരുടെ നിയമനത്തിനായി അപേക്ഷകൾ ക്ഷണിച്ച് പ്രാഥമിക പരീക്ഷ കഴിഞ്ഞ് അനന്തര നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ പുതിയ അപേക്ഷകൾ സ്വീകരിക്കുന്ന കാര്യം ഇപ്പോൾ ഉദിക്കുന്നില്ല.

കണ്ണൂർ ജില്ലയിലെ മലയാളം ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ്

67 (2996)ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നിലവിലുള്ള മലയാളം ടൈപ്പിസ്റ്റിന്റെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ജില്ലയിൽ വിവിധ വകുപ്പുകളിലായി ടൈപ്പിസ്റ്റിന്റെ എത്ര ഒഴിവുകളുണ്ട്;

(ഡി) ഈ ഒഴിവുകൾ നികത്താൻ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകുമോ;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇംഗ്ലീഷ് ടൈപ്പിസ്റ്റ് തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ അഭാവത്തിൽ നിലവിലുള്ള ഒഴിവുകൾ മലയാളം ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽനിന്നും നികത്തണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) പി.എസ്.സി.യുമായി ആലോചിച്ച് പരിശോധിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഇക്കാര്യത്തിൽ പി.എസ്.സി.യുടെ ഉപദേശമനുസരിച്ചേ തീരുമാനമെടുക്കാൻ നിർവ്വാഹമുള്ളൂ.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സുരേന്ദ്രനെതിരെയുള്ള വിജിലൻസ് അന്വേഷണം

68 (2997)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ അബ്കാരി കോൺട്രാക്ടറായിരുന്ന യമഹ സുരേന്ദ്രൻ എന്ന പേരിലറിയപ്പെടുന്ന സുരേന്ദ്രനെതിരെ വിജിലൻസ് അന്വേഷണം നിലവിലുണ്ടോ; എങ്കിൽ എന്തിനെ സംബന്ധിച്ചാണ്;

(ബി) വിവാദപരമായ 'മാസപ്പടി' കേസിലെ പ്രതികൾ ആരെല്ലാമാണ്;

(സി) ഇവർക്കെതിരെ ചുമത്തപ്പെട്ടിരിക്കുന്ന കുറ്റങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇതുവരെ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ പോലീസ് എക്സൈസ് ഉദ്യോഗസ്ഥൻമാർ അബ്കാരി കോൺട്രാക്ടർമാരിൽനിന്നും കൈക്കൂലി വാങ്ങുന്നതും അനധികൃത ചാരായ വില്പനയ്ക്ക് കൂട്ടുനിൽക്കുന്നതും സംബന്ധിച്ച് രജിസ്റ്റർ ചെയ്ത രണ്ടു വിജിലൻസ് കേസ്സുകളിൽ അബ്കാരി കോൺട്രാക്ടർ ശ്രീ. പി. സുരേന്ദ്രൻ ഒരു പ്രതിയാണ്.

(ബി) മേല്പറഞ്ഞ കേസ്സുകളിലെ പ്രതികളുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പത്തനംതിട്ട ജില്ലയിലെ അബ്കാരി കോൺട്രാക്ടർമാരുടെ പക്കൽനിന്നും എക്സൈസ്/പോലീസ് ഉദ്യോഗസ്ഥർ പണം വാങ്ങുകയും അതിനുപകരം അനധികൃത ചാരായ വില്പനക്ക് പ്രസ്തുത കോൺട്രാക്ടർമാർക്ക് ആവശ്യമായ സഹായം നൽകുകയും ചെയ്തു എന്നുള്ളതാണ് കേസിനാസ്പദമായ ആരോപണങ്ങൾ.

(ഡി) ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ ക്രൈംബ്രാഞ്ചും വിജിലൻസും അന്വേഷണം നടത്തിവരുകയാണ്.

---

* അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly